## 2018 പ്രതീക്ഷയുടെ പുതുവർഷം

ഒരു പുതുവർഷം കൂടി ദൈവം നമുക്കു സമ്മാനിച്ചിരിക്കുന്നു. പുതുക്കത്തിൻേറയും ഒരുക്കത്തിൻേറയും പുതിയ കാഴ്ചപ്പാടുകളുകടേയും മനോഹരമായ ഒരു വർഷം. നാം എത്തിയ ഇടത്തുനിന്നും പിന്തിരിഞ്ഞ് നോക്കി എത്തേണ്ട ഇടത്തേക്കുള്ള യാത്രയാണ് ഓരോ പുതുവർഷവും നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ഒരിക്കൽ ഒരു ശിഷ്യൻ ഗുരുവിനോട് ചോദിച്ചു, ഞാൻ എന്നാണ് നന്നാവേണ്ടത്. സൗമ്യതയോടെ ഗുരു പറഞ്ഞു നീ മരിക്കുന്നതിനു ഒരു ദിവസം മുമ്പ്. ആശ്വാസത്തോടെ, അതിലേറെ ആകാംഷയോടെ ശിഷ്യൻ ചോദിച്ചു ഞാൻ എന്നാണു മരിക്കുന്നത്. പുഞ്ചിരിച്ച് ഗുരു പെട്ടെന്ന് ഉത്തരം പറഞ്ഞു നാളെയാണ് ആ ദിവസം.

ഈ കഥ നമുക്കു നൽകുന്ന സന്ദേശം വലുതാണ്. നമ്മേ വഴിനടത്തുന്ന ദൈവത്തെ നോക്കി ജീവിക്കുവാനുള്ള പ്രതീക്ഷ നൽകുന്നു. അർഹിച്ചത് ലഭിക്കാതെ പോയതിനെക്കുറിച്ച് ദു:ഖിക്കാതെ അർഹിക്കാത്തത് ലഭിച്ചതിനെ ഓർത്ത് സന്തോഷിക്കാം. അവഗണിക്കപ്പെട്ടതിനെ കുറിച്ച് നിരാശപ്പെടാതെ സ്വീകരിക്കപ്പെട്ടതിനെ ഓർത്ത് ആശ്വസിക്കാം. നമുക്ക് പ്രതീക്ഷയുള്ളവരായി മാറാം. ജീവിക്കാൻ ചില കാരണങ്ങൾ ഉണ്ടെന്ന ലക്ഷ്യബോധം, ഇനിയും സഞ്ചരിക്കാൻ ഏറെ ദൂരമുണ്ടെന്ന പ്രതീക്ഷ. നേടുവാൻ ഇനിയും ഒരുപാട് ഉണ്ടെന്ന ലക്ഷ്യം സഞ്ചരിക്കുന്ന വഴിയിൽ ഗതിതെറ്ററുതെന്ന ബോധ്യം ഇവയെല്ലാം നമുക്ക് പുതിയ പ്രതീക്ഷയും ഊർജ്ജവും നൽകുന്നു. സങ്കീർത്തനക്കാരൻ പറയുന്നു അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി. അവൻെറ മുഖം ലജ്ജിച്ചുപോയതുമില്ല (സങ്കീ: 34/5).
ജീവിത പന്ഥാവിൽ പതറുമ്പോൾ മുമ്പേ പോയവർ ഉണ്ടെന്ന ബലം നൽകുന്ന ആശ്വാസം. നാം ദൈവത്തിൻെറ കരുതലിൻെറ കരങ്ങളിലാണെന്ന സമാധാനം നമ്മെ മുമ്പോട്ട് നയിക്കുന്നു. മുമ്പിൽ ഇരുട്ടുള്ളപ്പോൾ നാം അറിയാതെ നമുക്ക് വേണ്ടി തെളിയുന്ന തിരിനാളങ്ങൾ നമുക്ക് നൽകുന്ന പ്രത്യാശ വലുതാണ്.

ഒരിടത്ത് ഒരു രാജാവ് ഒരു തടവുകാരനെ തണുത്ത മഞ്ഞുറഞ്ഞ തടാകത്തിൽ കഴുത്തോളം വെള്ളത്തിൽ രാത്രി മുഴുവൻ ഇട്ടു. അതായിരുന്നു അവിടത്തെ ശിക്ഷാരീതി. നേരം വെളുക്കുമ്പോൾ തണുത്തുറഞ്ഞ് മരിക്കും. എന്നാൽ എല്ലാവരേയും അത്ഭുതപ്പെടുത്തി ഇയാൾ തൻെറ പ്രാണനെ നിലനിർത്തി. ചോദിച്ചപ്പോൾ അയാൾ പറഞ്ഞു, തണുത്തുറഞ്ഞ തടാകത്തിൽ രാത്രി കഴിച്ചപ്പോൾ ഞൻ ഭംഗിയുള്ള ഒരു കാഴ്ച കണ്ടു. അങ്ങകലെ അങ്ങയുടെ കൊട്ടാരത്തിലെ ഒരു ജനൽ പാളിയിൽ ഒരു വിളക്ക് കത്തിനിൽക്കുന്നു. ഞാൻ അതിലേക്ക് നോക്കി നോക്കി തണുപ്പിനെ പ്രതിരോധിച്ചു. എനിക്ക് പ്രതീക്ഷകൾ ഉണ്ടായി.

പ്രിയമുള്ളവരെ നമുക്കും നമ്മുടെ പരാജയങ്ങളിൽ, തകർച്ചയിൽ ഇത്തരം വെളിച്ചങ്ങൾ പ്രതീക്ഷകൾ നൽകട്ടെ. നമുക്കു വേണ്ടി ഒരു നക്ഷത്രം തെളിയുന്നുണ്ട്. നമുക്ക് വേണ്ടി ഒരു ഉറവ ഒഴുകുന്നുണ്ട്. സങ്കീർത്തനം പറയുന്നതുപോലെ മാൻ നീർച്ചാൽ തേടുന്നതുപോലെ ദൈവമേ എൻെറ ഹ്രുദയം അങ്ങയെ തേടുന്നു. (സങ്കീ:42/1). ഈ പുതുവർഷത്തിൽ ദൈവം നമുക്കായി കരുതിയ ഞാൻ ലോകത്തിൻെറ വെളിച്ചം എന്ന് അരുളിയ യേശുക്രിസ്തുവെന്ന വെളിച്ചത്തിൽ പ്രതീക്ഷയോടെ ജീവിക്കാൻ സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. എല്ലാവർക്കും സ്നേഹത്തിൻേറയും ഐശ്വര്യത്തിൻേറയും സമധാനത്തിൻേറയും പുതുവത്സരാശംസകൾ നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ എളിയ ശ്രുശ്രൂഷകൻ ബിജുമോൻ അച്ചൻ.